പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5967

07-07-2014 ൽ മറുപടിക്ക്

## മൊബൈൽ അഗ്രോക്ലിനിക്കുകൾ

ചോദ്യം

ശ്രീ. എൻ.എ.നെല്ലിക്കുന്ന്

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) സംസ്ഥാനത്ത് മൊബൈൽ അഗ്രോ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ; എവിടെയെല്ലാം; ഇതിന്റെ പ്രവർത്തന മേഖലയും ഇതേവരെയുള്ള പ്രവർത്തനങ്ങളും സംബന്ധിച്ച് വിശദമാക്കുമോ; | (എ) | ഉണ്ട്. 2013-14 സാമ്പത്തിക വർഷമാണ് മൊബൈൽ അഗ്രോ ക്ലിനിക്കുകൾ പ്രവർത്തനം തുടങ്ങിയത്. എല്ലാ ജില്ലകളിലും മൊബൈൽ അഗ്രോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. 2 ബ്ലോക്കുകൾക്ക് ഒരു മൊബൈൽ അഗ്രോ ക്ലിനിക്ക് എന്ന കണക്കിലാണ് പ്രവർത്തിക്കുന്നത്. അവയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. കീടരോഗബാധ സമയാസമയങ്ങളിൽ കൃഷിയിടങ്ങൾ സന്ദർശിച്ച് തിരിച്ചറിഞ്ഞ് അവയ്ക്ക് യുക്തമായ പ്രതിവിധി മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.<br>2. മണ്ണ് പരിശോധന നടത്തി മണ്ണിലെ പോഷകക്കുറവ് മനസ്സിലാക്കി അതിനനുസരിച്ചുള്ള വളപ്രയോഗ മാർഗ്ഗങ്ങൾ കർഷകർക്ക് സമയാസമയം നൽകുക.<br>3. മണ്ണിന്റെ വളക്കുറവിലുള്ള വ്യത്യാസം മൂലം കൃഷിയിൽ ഉണ്ടാകുന്ന ദോഷവശങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.<br>4. പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടം യഥാസമയം വിലയിരുത്തുക<br>5. കാർഷിക വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കുക. |
| (ബി) എത്ര വാഹനങ്ങൾ മൊബൈൽ ക്ലിനിക്കിനായി വാങ്ങിയിട്ടുണ്ട്; | (ബി) | 75 വാഹനങ്ങൾ |

| | | |
|---|---|---|
| (സി) പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം കൊണ്ട് എത്ര കർഷകർക്ക് പ്രയോജനങ്ങൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ഒരോ ബ്ലോക്കിലേയും നിരവധി കർഷകർക്ക് പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം കൊണ്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്. കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് കീടരോഗബാധ തിരിച്ചറിഞ്ഞ് യുക്തമായ പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും, മണ്ണു പരിശോധന കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, പോഷകക്കുറവ് മനസ്സിലാക്കി വളപ്രയോഗ മാർഗ്ഗങ്ങളെക്കുറിച്ച് സമയാസമയങ്ങളിൽ നിർദ്ദേശം നൽകുന്നതിനും, ബ്ലോക്കുകളിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ യഥാസമയം വിലയിരുത്തുന്നതിനും, ആവശ്യമായ ശുപാർശകൾ നൽകുന്നതിനും, വിവിധ പദ്ധതികളുടെ നടത്തിപ്പ് കൃഷിയിടങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതിനും, വിജ്ഞാനവ്യാപനം കാര്യക്ഷമമാക്കുന്നതിനും, മൊബൈൽ അഗ്രോ ക്ലിനിക്കുകൾ വളരെയധികം പ്രയോജനകരമാണ്. |

സെക്ഷൻ ഓഫീസർ